# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**കെ.എസ്.എ.7/എസ്റ്റാ.1/2019** **തീയതി : 02.09.2019**

---

പരാമർശം : 1. ജി.ഒ(പി) നം.7/2016/ധന തീയതി : 20.01.2016

2. ജി.ഒ(പി) നം.85/2011/ധന തീയതി : 26.02.2011

3. ജി.ഒ(പി) നം.145/2006/ധന തീയതി : 25.11.2004

4. 13.01.2017 ലെ എസ്റ്റാ ഡി 1/68/2016/ധന നമ്പർ കത്ത്

## ഉത്തരവ്

കൊച്ചിൻ ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയത്തിലെ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ആയിരുന്ന ശ്രീമതി.ശോഭന.എം.കെ 31.07.2019 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലുള്ള ഒഴിവിലേയ്ക്കും, ആയതിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതു വഴി ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവിലേയ്ക്കും താഴെ പറയും പ്രകാരം ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

**I.** ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II - ൽ ഏറ്റവും സീനിയറായ കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ശ്രീ.ആർ.അനിൽകുമാറിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ) പ്രകാരം 17500-39500 രൂപ ശമ്പള സ്കെയിലിൽ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

**II.** അറ്റൻഡർമാരിൽ ഏറ്റവും സീനിയറായ കേരള സംസ്ഥാന ഭവന നിർമ്മാണ

ബോർഡ് ഓഡിറ്റ് കാര്യാലയത്തിലെ ശ്രീ.വിനോദ്.കെ യ്ക്ക് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ) പ്രകാരം 17000–37500 രൂപ ശമ്പള സ്കെയിലിൽ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**ഡയറക്ടർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക്**
**ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക്**

**പകർപ്പ്**

(1) ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടേറ്റ്
(2) എസ്റ്റാ 2 , 3,4 സെക്ഷനുകൾ
(3) സ്റ്റോക്ക്